(ബി) പ്രസ്തുത പ്രവർത്തനത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വെളിപ്പെടുത്തുമോ;

(സി) ഉപയോഗിക്കുന്നതിനെക്കാളും വളരെ കൂടുതൽ അളവിൽ വെള്ളത്തിന് ചാർജ്ജ് ഈടാക്കുന്നതായുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ ഉപഭോക്താക്കളുടെ ആക്ഷേപത്തിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതോറിറ്റിയിൽ വാട്ടർ മീറ്റർ ലഭ്യമാണെങ്കിൽ ഉപഭോക്താവിന്റെ ആവശ്യപ്രകാരം കേടായ മീറ്റർ വാട്ടർ അതോറിറ്റി തന്നെ മാറ്റി സ്ഥാപിച്ചു വരുന്നു. കൂടാതെ കേടായ മീറ്റർ നിശ്ചിതകാലയളവിൽ പ്രവർത്തനക്ഷമ മാക്കുകയോ, പുതിയവ സ്ഥാപിക്കുകയോ ചെയ്യണമെന്ന് ഉപഭോക്താവിനോട് രേഖാമൂലം ആവശ്യപ്പെട്ടുവരുന്നു. ഇപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാത്ത ഉപഭോക്താക്കളിൽ നിന്നും കേരള വാട്ടർ സപ്ലൈ റെഗുലേഷനിലെ 1999-ലെ ഭേദഗതിക്കനുസൃതമായി സർചാർജ്ജും ഈടാക്കി വരുന്നു. കാലാവധി കഴിയുന്ന മുറയ്ക്ക് പ്രസ്തുത കണക്ഷനിലേക്കുള്ള ജലവിതരണം വിച്ഛേദിക്കുകയും ചെയ്യുന്നുണ്ട്.

(ബി) കേടായ മീറ്റർ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തനത്തിൽ കാര്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇനിയും ഈ പ്രവർത്തനത്തിന് ആക്കം കൂട്ടുവാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

(സി) പരാതികൾ ലഭിക്കാറുണ്ട്.

(ഡി) പരാതികൾക്ക് പരിഹാരം കാണാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ തലത്തിലും കേന്ദ്ര കാര്യാലയ തലത്തിലും ഏർപ്പെടുത്തിയിട്ടുണ്ട്.

ആലപ്പുഴയിലെ കനാലുകൾ നവീകരിക്കുന്നതിനായി നാട്പാക് സമർപ്പിച്ചിരുന്ന റിപ്പോർട്ട്

71 [234] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ കനാലുകൾ നവീകരിക്കുന്നതിനായി നാട്പാക് സമർപ്പിച്ചിരുന്ന റിപ്പോർട്ട് അപര്യാപ്തമായതിനാൽ ഇത് പരിഹരിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കുവാൻ സർക്കാർ തീരുമാനിച്ചിരുന്നോ;

(ബി) എങ്കിൽ വിശദമായ റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇക്കാര്യത്തിൽ നടപടികൾ ത്വരിതപ്പെടുത്തുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി ആന്റ് സി) 21-3-2003-ൽ ജലവിഭവ വകുപ്പുമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ നാട്പാക് റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിച്ച് ജലവിഭവ വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ടിനെക്കുറിച്ച് ചർച്ച ചെയ്യുകയും പ്രസ്തുത റിപ്പോർട്ട് ഒരു വിദഗ്ദ്ധ സമിതിയെക്കൊണ്ട് പരിശോധിപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ തുടർന്ന് 1-12-2003-ൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ആലപ്പുഴ കനാലുകളെ സംബന്ധിക്കുന്ന എല്ലാ റിപ്പോർട്ടുകളും ടൂറിസം വകുപ്പിന് കൈമാറാൻ തീരുമാനിച്ചു. ഇതിനെ തുടർന്ന് ടൂറിസം വകുപ്പ് ജലവിഭവ വകുപ്പിന് പ്രസ്തുത പ്രവർത്തിക്കായി 150.25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. ഇപ്പോൾ ഈ പണിയുടെ 50 ശതമാനം പൂർത്തിയാക്കിയിട്ടുണ്ട്.

ചെക്ക് ഡാമുകൾ നിർമ്മിക്കുവാൻ നടപടി

72 [235] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയിൽ ഷൊർണ്ണൂർ മുണ്ടായ, ഓങ്ങല്ലൂർ, കാരക്കാട്, ചങ്ങണാംകുന്ന്, പട്ടാമ്പി എന്നിവിടങ്ങളിലും കുന്തിപ്പുഴയിൽ വിളയൂർ പാറക്കടവ്, തോണിക്കടവ്, മപ്പാട്ടുകര എന്നിവിടങ്ങളിലും ചെക്ക് ഡാമുകൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ വർഷത്തെ കൊടിയ വരൾച്ച കാരണം ഇവിടങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്നത്തേക്ക് ഇവ പൂർത്തിയാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭാരതപ്പുഴയിൽ ഷൊർണ്ണൂർ മുണ്ടായ, ഓങ്ങല്ലൂർ, കാരക്കാട്, ചങ്ങണാംകുന്ന്, പട്ടാമ്പി എന്നിവിടങ്ങളിലും കുന്തിപ്പുഴയിൽ വിളയൂർ പാറക്കടവ്, തോണിക്കടവ്, മപ്പാട്ടുകര എന്നിവിടങ്ങളിലും ചെക്ക് ഡാമുകൾ നിർമ്മിക്കുവാൻ സമഗ്രമായ പഠനത്തിനുശേഷം നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly